**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4390** — **06-03-2023 - ൽ മറുപടിയ്ക്ക്**

**ചിറയിൻകീഴ് മണ്ഡലത്തിൽ ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ വി ശശി</td><td colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി പ്രകാരം ചിറയിൻകീഴ് മണ്ഡലത്തിൽ നാളിതുവരെ എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഇനി എത്രയെണ്ണം ആരംഭിക്കാൻ ബാക്കിയുണ്ടെന്നും അവ എന്ന് ആരംഭിക്കാൻ കഴിയുമെന്നുമുള്ള വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;</td><td>(എ)</td><td>ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി പ്രകാരം ചിറയിൻകീഴ് മണ്ഡലത്തിൽ നാളിതുവരെ 1027 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. മണ്ഡലത്തിൽ ഉൾപ്പെടുന്ന 8 പഞ്ചായത്തുകൾക്കുള്ള ആകെ ടാർജറ്റ് 1130 ആകയാൽ മണ്ഡലത്തിൽ ലക്ഷ്യം കൈവരിക്കുവാൻ ഇനി 103 സംരംഭങ്ങൾ കൂടി ആരംഭിക്കേണ്ടതുണ്ട്. ഇനിയും ലക്ഷ്യത്തിലെത്താത്ത പഞ്ചായത്തുകളിൽ ആയത് മാർച്ച് 31 ന് മുൻപുതന്നെ കൈവരിക്കുവാൻ തീവ്രശ്രമം നടത്തിവരുന്നു.
<table>
<tr><th>പഞ്ചായത്ത്</th><th>ലക്ഷ്യം</th><th>നേട്ടം</th></tr>
<tr><td>കടയ്ക്കാവൂർ</td><td>104</td><td>116</td></tr>
<tr><td>മുദാക്കൽ</td><td>164</td><td>169</td></tr>
<tr><td>ചിറയിൻകീഴ്</td><td>135</td><td>135</td></tr>
<tr><td>അഞ്ചുതെങ്ങ്</td><td>78</td><td>74</td></tr>
<tr><td>കിഴുവില്ലം</td><td>148</td><td>144</td></tr>
<tr><td>മംഗലപുരം</td><td>167</td><td>167</td></tr>
<tr><td>കഠിനംകുളം</td><td>210</td><td>160</td></tr>
<tr><td>അഴൂർ</td><td>124</td><td>62</td></tr>
<tr><td>ആകെ</td><td>1130</td><td>1027</td></tr>
</table></td></tr>
<tr><td>(ബി)</td><td>മണ്ഡലത്തിൽ കൂടുതൽ സംരംഭകരെ കണ്ടെത്തുന്നതിനും പദ്ധതികൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ?</td><td>(ബി)</td><td>1) വ്യവസായ വകുപ്പിന്റെ സേവനങ്ങളും പദ്ധതികളും ഇന്റേൺസ് വഴി പഞ്ചായത്ത് തലത്തിൽ നടത്തുന്ന എല്ലാ പ്രോഗ്രാമുകളിലും പ്രചാരം നൽകി വരുന്നുണ്ട്.<br><br>2) സംരംഭം തുടങ്ങുവാൻ താൽപ്പര്യം പ്രകടിപ്പിച്ച് എത്തുന്ന സംരംഭകർ വഴി അവരുടെ സുഹൃത്തുക്കളെയും, ബന്ധുക്കളെയും അറിയിക്കുന്നി<br><br>നുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.</td></tr>
</table>

| | | | | |
|---|---|---|---|---|
| | | | | 3) ബ്ലോക്ക് തലത്തിൽ നവ മാധ്യമങ്ങളിലും മറ്റും പരസ്യം നൽകി താൽപ്പര്യമുള്ള സംരംഭകരെ കണ്ടെത്തി അവർക്ക് ബാങ്കുകളുടെ പ്രാതിനിധ്യത്തോടെ ബോധവൽക്കരണപരിപാടികൾ നടത്തി വരുന്നു.<br><br>4) സംരംഭം തുടങ്ങുവാൻ താൽപ്പര്യം പ്രകടിപ്പിച്ച് മറ്റു വകുപ്പുകളെ സമീപിക്കുന്നവരുടെ ഡാറ്റ കൂടി ശേഖരിച്ച് അവ സാക്ഷാത്കരിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നുണ്ട്.<br><br>5) പഞ്ചായത്ത് തലത്തിൽ നടത്തിവരുന്ന തൊഴിൽസഭ കാര്യക്ഷമമായി ഉപയോഗിച്ചുകൊണ്ട് സംരംഭകതല്പരരെ കണ്ടെത്തുവാൻ തീവ്ര ശ്രമം നടത്തുന്നു. |

സെക്ഷൻ ഓഫീസർ